(ഡി) 60 വയസ്സുവരെയുള്ളവർ സ്റ്റാമ്പ് വെണ്ടർമാരായി നിയമിക്കപ്പെടുന്നതിനുള്ള ഉത്തരവ് ഉണ്ടായിട്ടുണ്ടോ;

(ഇ) എങ്കിൽ അത് ഏത് മാനദണ്ഡം അനുസരിച്ചാണെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) 7-2-2003-ലെ വ്യവസ്ഥകൾ പുനഃപരിശോധിക്കണമെന്ന് കേരള സ്റ്റാമ്പ് വെണ്ടേഴ്സ് യൂണിയൻ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) നിയമമുണ്ട്.

(ഡി, ഇ) സർക്കാരിന്റെ 7-2-2003-ലെ ജി.ഒ.(പി) നം. 23/03/നി.വ. ഉത്തരവു പ്രകാരം 60 വയസ്സുവരെയുള്ളവർക്ക് വെണ്ടർ ലൈസൻസിന് അപേക്ഷിക്കാൻ അർഹതയുണ്ട്.

സംസ്ഥാനത്തിനുള്ള കേന്ദ്ര സഹായം യഥാസമയം ലഭ്യമാക്കുന്നതിനുള്ള സംവിധാനം

*12 [222] ശ്രീ. കെ. മോഹൻകുമാർ:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിന് സഹായധനമിനത്തിലും മറ്റു വിധത്തിലും കിട്ടുവാനുള്ള തുക യഥാസമയം നേടിയെടുക്കുന്നതിന് ഏതെങ്കിലും മോണിറ്ററിംഗ് സെല്ലിനോ വിജിലൻസ് സെല്ലിനോ രൂപം കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കേന്ദ്ര സർക്കാർ നൽകുന്ന ഫണ്ടിന്റെ വിനിയോഗം വീക്ഷിക്കുന്നതിനും അതു സംബന്ധിച്ച കണക്കുകൾ യഥാസമയം തയ്യാറാക്കുന്നതിനും എന്തെങ്കിലും സംവിധാനമുണ്ടോ;

(സി) കാലാകാലം കേന്ദ്ര ഗവൺമെന്റ് സംസ്ഥാനങ്ങൾക്കുവേണ്ടി പ്രഖ്യാപിക്കുന്ന പദ്ധതികൾ നമ്മുടെ സംസ്ഥാനത്തിന് യഥാകാലം നേടിയെടുക്കുന്നതിന് എന്തെല്ലാം സംവിധാനം നിലവിലുണ്ട്;

(ഡി) ഈ സംവിധാനത്തിന്റെ ശ്രമഫലമായി ഇക്കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ സംസ്ഥാനത്തിന് ഇത്തരത്തിൽപ്പെട്ട എന്തെല്ലാം പദ്ധതികൾ നേടിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ):

(എ) ഒരു ഗ്രാന്റ് മോണിറ്ററിംഗ് സെല്ലിന് രൂപം കൊടുത്തിട്ടുണ്ട്. കേന്ദ്രത്തിൽനിന്നും ലഭിക്കുവാനുള്ള തുകകൾ കാലതാമസം കൂടാതെ റിലീസ് ചെയ്യിക്കുന്നതിനായി റസിഡന്റ് കമ്മീഷണർവഴി വിവിധ മന്ത്രാലയങ്ങളുമായി ഇവർ ബന്ധപ്പെട്ടു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേന്ദ്ര ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച വ്യക്തമായ കണക്കുകൾ വകുപ്പ് തലവൻമാരിൽനിന്നും ശേഖരിച്ച് അവലോകനം നടത്തുകയും കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചു വരികയും ചെയ്യുന്നു. കൂടാതെ എല്ലാ മാസവും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിലെ കേന്ദ്ര ആസൂത്രണ അവലോകന യൂണിറ്റ് പദ്ധതി ചെലവുകളുടെ പുരോഗതി പ്രത്യേകം അവലോകനം ചെയ്തുവരുന്നു. മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, വകുപ്പ് സെക്രട്ടറി തുടങ്ങി എല്ലാ തലങ്ങളിലും, വകുപ്പ് അദ്ധ്യക്ഷന്മാരുടെ യോഗത്തിലും അവലോകനം നടത്തുന്നുണ്ട്.

(സി) മുഖ്യമന്ത്രി, മന്ത്രിതല പ്രവർത്തനങ്ങൾക്കുപുറമേ ചീഫ് സെക്രട്ടറി ചെയർമാനും, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ് സെക്രട്ടറി കൺവീനറും, ധനകാര്യം, പൊതുമരാമത്ത്, ഗ്രാമവികസനം എന്നീ വകുപ്പുകളിലെ പ്രിൻസിപ്പൽ സെക്രട്ടറിമാർ, അഗ്രിക്കൾച്ചർ പ്രൊഡക്ഷൻ കമ്മീഷണർ, ആരോഗ്യം, സാമൂഹ്യക്ഷേമം, പട്ടികജാതി, പട്ടികവർഗ്ഗം എന്നീ വകുപ്പു സെക്രട്ടറിമാരും റസിഡന്റ് കമ്മീഷണറും ഉൾപ്പെടുന്ന ഒരു കമ്മിറ്റി ഇതിലേക്കായി പ്രവർത്തിച്ചു പോരുന്നു.

(ഡി) ആക്സിലറേറ്റഡ് പവർ ഡവലപ്മെന്റ് ആന്റ് റിഫോംസ് പ്രോഗ്രാം, രാഷ്ട്രീയ സമവികാസ് യോജന, ഇനിഷ്യേറ്റീവ് ഫോർ സ്ട്രെങ്തനിംഗ് അർബൻ ഇൻഫ്രാ സ്ട്രക്ച്ചർ, ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനിഫിറ്റ് പ്രോഗ്രാം, സാങ്കേതിക വിദ്യാഭ്യാസ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം തുടങ്ങിയ പദ്ധതികൾ നേടിയെടുക്കാൻ കഴിഞ്ഞു.

കയർ തൊഴിലാളികൾ നടത്തിയ സമരം

*13 [223] ഡോ. തോമസ് ഐസക്:
ശ്രീ. ടി. കെ. ദേവകുമാർ:
,, കെ. പി. സതീശ്ചന്ദ്രൻ:
,, പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ തൊഴിലാളികൾ നടത്തിയ സമരത്തെത്തുടർന്ന് 2002 ഡിസംബർ മാസത്തിൽ തൊഴിലാളി യൂണിയൻ പ്രതിനിധികളും ചെറുകിട ഉല്പാദകരുടെ പ്രതിനിധികളും കയർ ബോർഡ് പ്രതിനിധികളും സർക്കാരുമായി ഉണ്ടാക്കിയ ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വ്യവസ്ഥകളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നു വെളിപെടുത്തുമോ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ, ബി) 30-12-2002-ലെ ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പിലാക്കിവരുന്നു. 26-12-2001 മുതൽ 25-6-2002 വരെ വാങ്ങിയിട്ടുള്ള ഹാന്റ് ലൂം കയർ ഉല്പന്നങ്ങളുടെ വാങ്ങൽ വിലയുടെ 3% വർദ്ധനവ് നിലവിൽ വന്നിട്ടുണ്ട്. കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് പുനഃസംഘടിപ്പിച്ചിട്ടുണ്ട്. വാങ്ങൽ വിലയുടെ 3% വർദ്ധന കുടിശ്ശിക ശേഖരണവും വിതരണവും ഗവൺമെന്റിന്റെ ചുമതലയിലല്ല, നോൺ ഒഫീഷ്യൽ

LIBRARY ARCHIVES Kerala Legislative Assembly